

തിരുനല്ലൂർ കരുണാകരൻ ജന്മശതാബ്ദി- ദേശീയസിമ്പോസിയം കല്പറ്റ നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

# തിരുനല്ലൂർ കവിതകൾ മാറ്റൊലികൾക്കപ്പുറം നിലനിൽക്കും -കല്പറ്റ നാരായണൻ

**തിരുനല്ലൂർ കരുണാകരൻ ജന്മശതാബ്ദി-ദേശീയ സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം**

കൊല്ലം: രാഷ്ട്രീയ മാറ്റൊലികൾക്കപ്പുറം നിലനിൽക്കുന്ന കവിതകളാണ് തിരുനല്ലൂർ കരുണാകരന്റേതെന്ന് കവിയും നിരൂപകനുമായ കല്പറ്റ നാരായണൻ. കേന്ദ്ര സാഹിത്യ അക്കാദമിയും ഫാത്തിമ മാതാ നാഷണൽ കോളജും സംയുക്തമായി സംഘടിപ്പിച്ച തിരുനല്ലൂർ കരുണാകരൻ ജന്മശതാബ്ദി-ദേശീയ സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിരൂപകൻ പ്രസന്നരാജൻ മുഖ്യ പ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പൽ ഡോ. സിന്ധ്യ കാതറിൻ അധ്യക്ഷത വഹിച്ചു.

ഡോ. ടി.കെ. സന്തോഷ്കുമാർ, ഡോ. സാബു കോട്ടുക്കൽ, കോളജ് മാനേജർ ഫാ. അഭിലാഷ് ഗ്രിഗറി, ടി.കെ. വിനോദൻ , വൈസ് പ്രിൻസിപ്പൽ ഡോ. എം.ആർ. ഷെല്ലി, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുധീഷ് സാം എന്നിവർ സംസാരിച്ചു.

തിരുനല്ലൂർ കരുണാകരന്റെ രചനാലോകത്തെപ്പറ്റി ഡോ. എൽ തോമസ്കുട്ടി, ഷീജ വക്കം, ഡോ. ആർ. ശ്രീലത വർമ്മ, ഡോ.കെ. ബി. ശെൽവമണി, ഡോ. നിത്യ പി. വിശ്വം എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. എഴുത്തുകാരൻ വി.ടി. കുരീപ്പുഴയുടെ അധ്യക്ഷതയിൽ ചേർന്ന സമാപനസമ്മേളനം ബൈജു ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.